കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഗുരുവായൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(എം)56/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ: 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 31.01.2017

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

ഗുരുവായൂർ നഗരസഭ

സർ,

വിഷയം : ഗുരുവായൂർ നഗരസഭ - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂർ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-4 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-2 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയരക്ടർ,നകരകാര്യവകുപ്പ്,കൊച്ചി.(ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.ടി.എസ്.ആർ(എം)56/2017 തിയ്യതി: 31.01.2017

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയുടെ 2015-16 .സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 15.09.15 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2015-16 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.സുരേഷ് ബാബു. ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-12-2016 മുതൽ 31-12-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സതീശൻ.എൻ<br>ശ്രീമതി.മീര .ടി<br>ശ്രീമതി.ഷൈനി കൃഷ്ണദാസ്<br>ശ്രീ.പ്രസാദ്.പി.ജി.<br>ശ്രീമതി.ബിന്ദു.സി.വി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ (24.12.16 വരെ) |

ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| ചെയർപേഴ്സൺ | ശ്രീ.ജയൻ.പി.എസ്<br>01-04-2015 മുതൽ 31.10.15 വരെ |

| | | |
|---|---|---|
| | 01.11.15 മുതൽ 11.11.15 വരെ<br>ഭരണനിർവ്വഹണ കമ്മറ്റി | |
| | പ്രൊഫ.പി.കെ.ശാന്തകുമാരി<br>12-11-2015 മുതൽ 31-03-2016വരെ | |
| സെക്രട്ടറി | ശ്രീ. രഘുരാമൻ<br>സെക്രട്ടറി | 01-04-2015 മുതൽ<br>31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | ശ്രീ.രാജീവ്.എ.ഒ | 01-04-2015 മുതൽ<br>31-03-2016 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. പി.എസ്.സുരേഷ് | 01-04-2015മുതൽ 12-10-2015 വരെ |
| | ശ്രീ.മുരളീധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 13-10-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ജോസ്.ടി.ജേക്കബ് | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എസ്.അമ്മിണി | 01.04.15മുതൽ<br>22-12-2015 വരെ<br>&<br>01.02.16 മുതൽ<br>31.03.16 വരെ |
| | ഡോ.ലളിത | 23-12-2015 മുതൽ<br>31.01.16 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ജോസ്.ടി.ജേക്കബ് | 01-04-2015 മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. മനോജ് തെറ്റയിൽ | 01-04-2015 മുതൽ 31.03.2016 വരെ |
| പ്രധാനാദ്ധ്യാപിക,<br>ജി.യു.പി.എസ്. ഗുരുവായൂർ. | ശ്രീമതി.പി.ഇ.ലതിക | 01-04-2015 മുതൽ 31.03.2016 വരെ |
| പ്രധാനാദ്ധ്യാപിക,<br>ജി.എച്ച്.എസ്. ചാവക്കാട് | ശ്രീമതി.ശോഭ.സി.സി | 01-04-2015 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പാൾ<br>ജി.എച്ച്.എസ്.എസ് | ശ്രീമതി.ബീന.വി.എസ് | 01-04-2015 മുതൽ |

| | | |
|---|---|---|
| ചാവക്കാട് | | 31.03.2016 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | ലിനോ ജോർജ്ജ്.സി | 1-04-2015 മുതൽ 21.07.2015 വരെ |
| | മിനിപി.ആർ | 22-07-2015 മുതൽ 01.01.2016 വരെ |
| | സുധീഷ് ബോസ്.കെ.എസ് | 02-01-2016 മുതൽ 04.03.2016 വരെ |
| | മിനി.പി.ആർ | 05-03-2016 മുതൽ 31.03.2016 വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ | ശ്രീമതി സരസു.വി.എസ് | 01-04-2015 മുതൽ 31.03.2016 വരെ |
| ദാരിദ്ര്യ ലഘൂകരണ പ്രോജക്റ്റ് ഓഫീസർ | ലളിത.സി.എൻ | 01-04-.2015 മുതൽ 09-08-2015വരെ |
| | വിനോദ് ബാലകൃഷ്ണൻ | 10-08-.2015 മുതൽ 09-09-2015വരെ |
| | സിന്ധു.കെ.ജി | 10-09-.2015 മുതൽ 31-03-2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ദീപ.വി.എസ് | 01-04-.2015 മുതൽ 09-08-2015വരെ |
| | സന്ധ്യ.ടി.എം | 10-08-.2015 മുതൽ 31-03-2016വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം-2 | | |
| 12 | വിനോദനികുതി പിരിവിലെ അപാകതകൾ | 2-1 |
| 13 | പരസ്യനികുതി വരുമാനം കുറവ് | 2-2 |
| 14 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-3 |
| 15 | മാലിന്യ നീക്കത്തിന് ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും അംശാദായം ലഭിക്കുന്നില്ല | 2-4 |
| 16 | തൊഴിൽനികുതി യഥാസമയം ഈടാക്കാത്തതിനാൽ നഗരസഭയുടെ തനത് വരുമാനം കുറയുന്നു. | 2-5 |
| 17 | തൊഴിൽനികുതി അപാകതകൾ | 2-6 |
| 18 | മലിനീകരണനിയന്ത്രണ ബോർഡിൽനിന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് പുതുക്കി നൽകി | 2-7 |
| 19 | ഡി & ഓ ലൈസൻസ് അപാകതകൾ | 2-8 |
| ഭാഗം-3 | | |
| 20 | തനത് ഫണ്ടിൽ നിന്നും പ്രോജക്ട് വയ്ക്കാതെ മരാമത്ത് പണികൾ നടത്തി | 3-1 |
| 21 | നഗരസഭാ ഓഫീസിൽ സോളാർ പാനൽ ഘടിപ്പിക്കൽ-അപാകതകൾ | 3-2 |
| 22 | അധിരനിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകി | 3-3 |
| 23 | ഇ-ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക മുനിസിപ്പൽ ഫണ്ടിൽ വരവ് വെച്ചിട്ടില്ല | 3-4 |
| 24 | ടെണ്ടർ ഫോം വില്പന രജിസ്റ്റർ-ഓഡിറ്റ് വർഷത്തെ മുഴുവൻ തുകയും രേഖപ്പെടുത്തിയിട്ടില്ല | 3-5 |
| 25 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം-ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 3-6 |
| 26 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കൽ | 3-7 |
| 27 | ഗുരുവായൂർ നഗരസഭാ ലൈബ്രറി ഡിജിറ്റലൈസേഷൻ-ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമല്ല | 3-8 |
| 28 | നഗരസഭാ പ്രൈവറ്റ് ബസ്സ്സ്റ്റാന്റിന്റെ പടിഞ്ഞാറ് ഭാഗം | 3-9 |

| | | |
|---|---|---|
| | ടൈൽ വിരിക്കുന്ന പ്രവൃത്തി- പ്രാരംഭ പ്രവൃത്തികൾ പോലും തുടങ്ങിയിട്ടില്ല | |
| 29 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ-അപാകതകൾ | 3-10 |
| 30 | വാങ്ങിയ സൈക്കിളുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല | 3-11 |
| 31 | സ്റ്റീൽ മേശ, കസേര വിതരണത്തിലെ അപാകതകൾ | 3-12 |
| 32 | എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ വാല്യുവേഷൻ ഇല്ലാതെ തുക അനുവദിച്ചു | 3-13 |
| 33 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-14 |
| 34 | ജൈവവളവിതരണം- അപാകതകൾ | 3-15 |
| 35 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ- അപാകതകൾ | 3-16 |
| 36 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ | 3-17 |
| 37 | അഡ്വാൻസുകൾ നിയമപ്രകാരം ക്രമീകരിക്കുന്നില്ല | 3-18 |
| 38 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-19 |
| ഭാഗം-4 | | |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-2 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 43 | ഓഡിറ്റ് റിക്കവറി | 4-5 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-6 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 47 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27-03-2015 ലെ തിയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.അതു പ്രകാരം പ്രതീക്ഷിത വരവ് ₹ 204,29,36,993(മുന്നിരുപ്പ് ഉൾപ്പെടെ)പ്രതീക്ഷിത ചെലവ് ₹ 200,27,40,089/- ആണ്. ബജറ്റ് അവലോകനം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (+)/(-) |
|---|---|---|---|
| വസ്തുനികുതി | 3,20,00,000 | 3,05,72,016 | (-) 1427984 |
| തൊഴിൽ നികുതി | 90,00,000 | 97,06,373 | (+) 706373 |
| പരസ്യ നികുതി | 1,20,000 | 55,000 | (-) 65000 |
| വാടക | 80,00,000 | 1,56,23,581 | (+) 7623581 |
| ഡി&ഒ ലൈസൻസ് | 5,00,000 | 4,53,150 | (-) 46850 |
| പെർമിറ്റ് ഫീ | 90,00,000 | 23,60,131 | (-) 6639869 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 29-07-2016 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. Depreciation Schedule I-17 (a) വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. Old VPF 1108 പൂക്കോട് ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. RP 45 ഷഡ്യൂൾ പ്രകാരമുള്ള ചെലവ് തുക 13782205 രൂപയാണ്. റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് സംക്ഷിപ്തത്തിൽ ഷെഡ്യൂൾ ഉൾപ്പെട്ടിട്ടില്ല.

4. RP 16 ഷെഡ്യൂൾ പ്രകാരം 500000 രൂപയാണ്. എന്നാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് സംക്ഷിപ്തത്തിൽ 14282205 രൂപയാണ് കാണിച്ചിരിക്കുന്നത്.

5. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7. വിനോദ നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി സി ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9. വസ്തു നികുതി , തൊഴിൽ നികുതി , ഡി ആന്റ് ഒ ലൈസൻസ്, ബിൽഡിംഗ് പെർമിറ്റ്, വാടക,ലേലം എന്നിവ ഒഴികെയുള്ള വരവിനങ്ങൾക്കൊന്നും തന്നെ രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

10. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻ വർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

12. RP (27) പ്രകാരമുള്ള Auction Deposit, Contractors Retention money, Contractors EMD എന്നിവയുടെ രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

13. വാർഷിക കണക്ക് പ്രകാരം Housing Loan to Employees (RP (41)) എന്ന ഇനത്തിൽ വരവും ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹൌസിംഗ് ലോണിന് ഒരു രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14. ചെക്ക് / ഡി ഡി ഇനത്തിൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ചിട്ടുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ

രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

*( ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ, റസീപ്റ്റ് ആന്റ് പേയ്മെന്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹179934453.92 |
| വരവ് | ₹223210334.00 |
| ആകെ | ₹403144787.92 |
| ചെലവ് | ₹248602094.00 |
| നീക്കിയിരിപ്പ് | ₹154542693.92 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | *വരവ് തുക | **ആകെ തുക | *** ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14717292 | 35043684 | 49760976 | 49760976 | 35043684 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 12181004 | 9757839 | 21938843 | 13718043 | 8220800 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1191900 | 28000632 | 29192532 | 29192532 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 958176 | 7390361 | 8348537 | 8348537 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4183440 | 34872811 | 39056251 | 21974898 | 17081353 | 0 |
| ലോക ബാങ്ക് സഹായം | 12227648 | 4620895 | 16848543 | 7107012 | 9741531 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 18,21,60,442 | 189 | 11,65,78,448 | - | 23 | 89 % |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം

17ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 58857483 | 50033462 | 8824021 | (+) 14.9 % |
| നികുതിയേതര വരവുകൾ | 38072462 | 31296212 | 6776250 | (-) 17.8 % |
| മറ്റ് വരവുകൾ | 15084792 | 14384076 | 700716 | (-) 4.6 % |
| ആകെ | 112014737 | 95713750 | 16300987 | (-) 14.5% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 161160 | 144 |
| കർഷകതൊഴിലാളി പെൻഷൻ | 4405560 | 718 |
| വിധവാപെൻഷൻ | 19706040 | 2566 |
| വാർദ്ധക്യകാലപെൻഷൻ | 19351650 | 4369 |
| വികലാംഗപെൻഷൻ | 4959395 | 606 |
| അവിവാഹിത പെൻഷൻ | 1625240 | 215 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.12.2016 4 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,02,360/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഇൻക്യുമ്പൻസി രജിസ്റ്റർ

ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലേയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ , മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

2.കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി. 24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

3.പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ

എല്ലാ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകളിൽ അപേക്ഷാതീയതി, പെൻഷൻ അനുവദിച്ച തിയതി , സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലല്ല

നഗരസഭയിൽ ഉപയോഗിച്ചുപോരുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ളതല്ല. ഡെപ്പോസിറ്റ് റീഫണ്ട് അനുവദിക്കുമ്പോൾ പ്രസ്തുത ഡെപ്പോസിറ്റ് ക്രമ നം ക്യാൻസൽ ചെയ്യുന്നില്ല.

5.അഡ്വാൻസ് ക്രമീകരിക്കുന്നതിൽ കാലതാമസം

നഗരസഭയിൽ അനുവദിക്കുന്ന വിവിധ അഡ്വാൻസുകൾ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കുന്നില്ല. ഇക്കാര്യം പ്രത്യേകം ഖണ്ഡികയായി പരാമർശിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.15 മുതൽ 20.06.15 വരെ | 2010-11 മുതൽ 2014-15 വരെ | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.04.15 മുതൽ 05.05.15 വരെ | 2013-14, 2014-15 | 26.06.15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിനോദനികുതിപിരിവിലെ അപാകതകൾ

ഗുരുവായൂർ നഗരസഭാ പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന ആകെയുള്ള അഞ്ച് സിനിമാ തിയേറ്ററുകളിൽ നിന്നും 2015-16 ൽ ലഭ്യമായ ആകെ വിനോദനികുതി 1,15,22,708/- രൂപയാണ്. തൻ വർഷം ഓരോ തിയേറ്ററുകൾക്കും സീൽ ചെയ്തു നൽകിയ ടിക്കറ്റുകളുടെ എണ്ണവും അടവാക്കിയ നികുതിയനുസരിച്ച് വിറ്റ ടിക്കറ്റുളുടെ എണ്ണത്തിലും വൻ വ്യത്യാസമുണ്ട്(താഴെ പട്ടിക കാണുക.). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | തിയേറ്ററുകളുടെ പേര് | 2015-16 ൽ സീൽ ചെയ്തുകൊടുത്ത ടിക്കറ്റുകളുടെ ആകെ എണ്ണം | 2015-16 ൽ ആകെ ഈടാക്കിയ വിനോദ നികുതി | നികുതി നിരക്ക് (രൂപയിൽ) | ഒടുക്കിയ നികുതി പ്രകാരം വിറ്റ ടിക്കറ്റുകളുടെ എണ്ണം | അധികം സീൽ ചെയ്തുകൊടുത്ത ടിക്കറ്റുകളുടെ ആകെ എണ്ണം | സീൽ ചെയ്തുകൊടുത്ത ടിക്കറ്റുകളുടെ ആകെ എണ്ണമനുസരിച്ച് ലഭിക്കേണ്ടിയിരുന്ന നികുതി | നികുതി യിലുണ്ടായ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ദേവകി സിനിമാസ്-I | 213900 | 3578686 | ബാൽക്കണി @19.67&Ist Class@16.33 = 36 | 3578686/36 =99408 | 213900-99408 =114492 | 7700400 | 4121714 |
| 2 | ദേവകി സിനിമാസ്-II | 111000 | 1829221 | 16.33 | 1829221/16.33 =112016 | 111000-112016= (-)1016 | 1812630 | (-)16591 |
| 3 | ജയശ്രീ | 184000 | 2627408 | ബാൽക്കണി @16.33&Ist Class@ 13 =29.33 | 2627408/29.33 =89581 | 184000-89581 =94419 | 5396720 | 2769312 |
| 4 | ബാലകൃഷ്ണ | 112000 | 749295 | ബാൽക്കണി | 749295/14.33 | 112000-52289 | 1604960 | 855665 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | @14.33&<br>=14.33 | =52289 | =59711 | | |
| 5 | അപ്പാസ് | 213000 | 2738098 | ബാൽക്കണി<br>@16.33&Ist<br>Class@ 13<br>=29.33<br>29.33 | 2738098/29.33<br>= 93355 | 213000-93355<br>=119645 | 6247290 | 3509192 |
| | ആകെ | 833900 | 11522708 | | 446649 | 387251 | 22762000 | 11239292 |

തൻ വർഷം ഓരോ തിയേറ്ററുകൾക്കും സീൽ ചെയ്തുകൊടുത്ത ടിക്കറ്റുകളുടെ എണ്ണമനുസരിച്ചുള്ള ലഭിക്കേണ്ടിയിരുന്ന നികുതി 2,27,62,000 /- രൂപയാണ്. . അതായത് ലഭിക്കേണ്ടിയിരുന്ന യഥാർത്ഥ നികുതിയേക്കാൾ 1,12,39,292/- രൂപയുടെ കുറവുണ്ടായിരിക്കുന്നു. ടിക്കറ്റ് നിരക്കനുസരിച്ച് നികുതി നിരക്കിൽ വ്യതിയാനമുള്ളതുകൊണ്ട് കണക്കാക്കിയ എണ്ണത്തിൽ ചെറിയ വ്യത്യാസം സംഭവിക്കാമെങ്കിലും നികുതിയിലുണ്ടായ ഈ വൻ വ്യത്യാസം അന്വേഷണവിധേയമാക്കേണ്ടതാണ്. നികുതിവെട്ടിപ്പ് തടയുന്നതിനായി 45979/എഫ്.എം.3/2009/ത.സ്വ.ഭ.വ. തീയതി 16.12.2009 ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യാജറിട്ടേൺ സമർപ്പിക്കൽ, വ്യാജസീൽ ഉപയോഗിക്കൽ എന്നിവ നടക്കുന്നുണ്ടോ എന്ന് ചെക്കിംഗ് സ്റ്റാഫും സെക്രട്ടറിയും നിരന്തരം നിരീക്ഷിക്കേണ്ടതും അവ ശ്രദ്ധയിൽപെട്ടാൽ തിയേറ്ററിന്റെ ലൈസൻസ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 പരസ്യനികുതി വരുമാനം കുറവ്

വിവിധ പ്രദേശങ്ങളിൽ നിന്നും ധാരാളം ആളുകൾ എത്തിച്ചേരുന്ന ഗുരുവായൂരിൽ പരസ്യവരുമാനത്തിന് അനന്തമായ സാധ്യതയാണുള്ളത്. എന്നാൽ നിലവിൽ ലഭിക്കുന്ന പരസ്യവരുമാനം താരതമ്യേന കുറവാണ് (2015-16 ൽ 55,000/- രൂപ). പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലം/ടെണ്ടർ വഴി നൽകുകയാണ് നിലവിൽ ചെയ്തുവരുന്നത്. പരസ്യനികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ബൈലോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. പരസ്യവരുമാനം കുറവാണെന്നുള്ള കാര്യം തൻവർഷത്തെ ബജറ്റിൽ പരാമർശിക്കുന്നുണ്ടെങ്കിലും വരുമാനം ഉയർത്തുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. പരസ്യനികുതി ബൈലോ നിലവിലെങ്കിൽ ആയതു രൂപീകരിച്ച് അംഗീകാരം നേടേണ്ടതും പരസ്യനികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 ബിൽഡിംഗ് പെർമിറ്റ് - അപാകതകൾ

I.അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിക്കുന്നതിലെയും ക്രമവത്കരിക്കുന്നതിലെയും അപാകതകൾ

തദ്ദേശസ്വയംഭരണ ( ആർ എ)വകുപ്പ് നം. 29342/ആർ എ1/2014 തസ്വഭവ tvpm തി. 19.5.14 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതും അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതും ചട്ടലംഘനങ്ങൾ പരിഹരിച്ചതിന് ശേഷം കെട്ടിടം നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും , പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്നുള്ള നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ അനധികൃത നിർമ്മാണം സംബന്ധിച്ച ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും മേൽ ഉത്തരവിൽ നിർദ്ദേശിക്കുന്ന വിധത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ അനധികൃത നിർമ്മാണം നടത്തിയ 96 പേരുടെ പേര് വിവരം മാത്രമാണ് ചേർത്തിരിക്കുന്നത്.

സെക്രട്ടറിയുടെ ഇ2- 18955/2014 തി. 15.7.15 ാം നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ , നഗരകാര്യ ഡയറക്ടറേറ്റ് , തിരുവനന്തപുരത്തിന് അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നത് സംബന്ധിച്ച് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം

നിലവിലുള്ള അനധികൃത കെട്ടിടങ്ങളുടെ എണ്ണം - 96

യു. എ നമ്പർ നല്കിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം - 91

2014 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ്

( റഗുലറൈസേഷൻ ഓഫ് അൺ ഓതറൈസ്ഡ്

കൺസ്ട്രക്ഷൻ റൂൾസിലെ) വ്യവസ്ഥകൾക്കനുസൃതമായി

ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും ഇപ്പോഴത്തെ

സ്ഥിതി വിവരവും - 1എണ്ണം നടപടി സ്വീകരിച്ചുവരുന്നു

മേൽ റിപ്പോർട്ട് പ്രകാരം യു. എ നമ്പർ നൽകിയ കെട്ടിടങ്ങളുടെ എണ്ണം 91 ആണ്. യു.എ നമ്പർ ഉള്ള കെട്ടിടങ്ങൾ സ്ഥിര നമ്പർ നിയമാനുസൃതം റഗുലറൈസേഷൻ വഴി മാത്രമേ നൽകാൻ പാടുള്ളൂ എന്നും ഇതിന് വിരുദ്ധമായി നമ്പർ നൽകിയാൽ ബന്ധപ്പെട്ട സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും , അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് അപേക്ഷിക്കുന്നതിന് 6/2015 വരെയും അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്നും, തദ്ദേശസ്വയംഭരണ (ആർ എ) വകുപ്പ് നം. 81777/ആർ എ1/ 2014 തസ്വ ഭ വ തി. 13.2.15 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ പൂർത്തീകരിക്കുകയോ സ്ഥിര നമ്പർ നൽകുകയോ ചെയ്തിട്ടില്ല.

II.കെട്ടിട നിർമ്മാണ പെർമിറ്റ് നിശ്ചിത കാലാവധിക്കുള്ളിൽ പുതുക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ചട്ടം 15A പ്രകാരം അനുവദിച്ചിട്ടുള്ള വികസന പെർമിറ്റ് അല്ലെങ്കിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അത് അനുവദിച്ച തിയതി മുതൽ മൂന്ന് വർഷത്തേക്ക് സാധുവായിരിക്കുന്നതും പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ സെക്രട്ടറി ഓരോ മൂന്ന് വർഷ കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി നീട്ടിക്കൊടുക്കുന്നതുമാണ്. പെർമിറ്റ് നീട്ടുന്നതിനുള്ള ഫീസ് , കാലാവധി നീട്ടുന്ന സമയം പ്രാബല്യത്തിലുള്ള വികസന പെർമിറ്റ് ഫീസിന്റേയോ അതതു സംഗതി പോലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസിന്റെയോ പത്ത് ശതമാനമായിരിക്കുന്നതാണ്.

എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർങ്ങളിൽ പെർമിറ്റ് അനുവദിച്ചിക്കുകയും 2015-16 വർഷത്തിൽ കാലാവധി പൂർത്തിയായതുമായ 61 ഓളം പെർമിറ്റ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പണി പണിപൂർത്തീകരിച്ചതായോ അല്ലാത്തപക്ഷം പെർമിറ്റ് പുതുക്കിയതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം | പെർമിറ്റ് അനുവദിച്ചത് | കാലാവധി പൂർത്തിയായത് |
|---|---|---|
| 3/12-13/4.5.12 | വാസുS/o മാധവൻ<br>കരുമത്തിൽ (H)<br>പുത്തൻപള്ളി | 3.5.15 |
| 11/12-13 /19.9.12 | ഗൗരി .കെ.എ<br>കോവാട്ട് (H) നെന്മിനി<br>മിച്ചഭൂമി കോളനി | 18.9.15 |
| 26/12-13 /29.6.12 | ഹരിദാസ്. ടി.വി<br>തൊടങ്ങിൽ (H)<br>തിരുവെങ്കിടം | 28.6.15 |
| 4212-13/28.6.12 | സന്തോഷ് മൂത്തേടത്ത്<br>പുത്തൻപള്ളി മമ്മിയൂർ | 27.6.15 |
| 44/12-13/8.8.12 | സുബ്രഹ്മണ്യൻ<br>അയിനിപുള്ളി<br>തിരുവെങ്കിടം | 7.8.15 |
| 57/12-13 /20.7.12 | ജയപ്രകാശ്.കെ<br>കണ്ടിരങ്ങത്ത് ഗുരുവായൂർ | 19.7.15 |
| 62/12-13 /13.8.12 | മിസ്സിസ്സ്. പത്മിനി<br>w/oഅരവിന്ദാക്ഷൻ | 9.8.15 |

| | | |
|---|---|---|
| | മംഗലത്ത് | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി 14/27.12.16, 26/30.12.16എന്നിവ നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 മാലിന്യനീക്കത്തിന് ഗുരുവായൂർ ക്ഷേത്രത്തിൽ നിന്നും അംശാദായം ലഭിക്കുന്നില്ല

ഗുരുവായൂർ ക്ഷേത്രം വക ഊട്ടുപുര, ക്ഷേത്രത്തിന്റെ മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിന് നഗരസഭക്ക് വരുന്ന ചെലവിന്റെ 50 % അംശാദായമായി അടവാക്കാൻ ഗുരുവായൂർ ദേവസ്വം ബാധ്യസ്ഥമാണ്. കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 333 പ്രകാരം അംശാദായം അടവാക്കുവാൻ നഗരസഭക്ക് അവശ്യപ്പെടാവുന്നതാണ്. 2005-06 വരെ 1,22,94,547/- രൂപ നഗരസഭക്ക് ലഭിക്കാനുള്ളതായി 2005-06 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട് (ഖണ്ഡിക 2-7). ഈ പരാമർശമം 2010-11 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട്. മാർച്ച് 2016 വരെ ഈയിനത്തിൽ ദേവസ്വത്തിൽ നിന്നും ലഭിക്കാനുള്ള തുകയുടേയും അടവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകളും ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 27/30.12.2016) മറുപടി ലഭ്യമാക്കിയില്ല. നഗരസഭക്ക് അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി യഥാസമയം ഈടാക്കാത്തതിനാൽ നഗരസഭയുടെ തനത് വരുമാനം കുറയുന്നു

1)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗുരുവായൂർ നഗരസഭയുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ പല സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വാർഡ് നം/ കെട്ടിട നമ്പർ | സ്ഥാപനം | അർദ്ധ വർഷങ്ങൾ |
|---|---|---|
| 12/250 | ശ്രീ ഗുരുവായൂരപ്പൻ നഴ്സിങ്ങ് ഹോം | I & II |
| 13/450 | ചിറ്റിലപ്പിള്ളി ടവർ | I & II |
| 13/502 | മഹാരാജ ടൂറിസ്റ്റ് ഹോം | I & II |
| 15/383 | ആരാധന ലോഡ്ജ് | I & II |
| 17/572 | ദേവാഞ്ജന ഇൻ | I & II |
| 17/49 | ഗോവിന്ദ് ഡീലക്സ് | I & II |
| 18/309 | അമ്പാടി റീജൻസി | I & II |
| 18/169(2) | ചന്ദന ഇൻ | I & II |
| 18/386 | ഗോവിന്ദ് ടൂറിസ്റ്റ് ഹോം | I & II |
| 18/79 | ഹരിശ്രീ സൂപ്പർമാർക്കറ്റ് | I & II |
| 18/18 | കൈരളി ടൂറിസ്റ്റ് ഹോം | I & II |
| 18/1263 | മാധവി ലോഡ്ജ് | I & II |
| 18/330 | മാഞ്ചിറ ലോഡ്ജ് | I & II |
| 18/- | പാലാഴി ടൂറിസ്റ്റ് ഹോം | I & II |
| 18/1185 | രാധിക ടൂറിസ്റ്റ് ഹോം | I & II |
| 18/128 | റീജന്റ് ലോഡ്ജ് & ഹോട്ടൽ | I & II |
| 18/750 | ആർ.വി.കെ.ടൂറിസ്റ്റ് ഹോം | I & II |

| | | |
|---|---|---|
| 18/736 | ശ്രീ ഗുരുവായൂരപ്പൻ ലോഡ്ജ് | I & II |

റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ, നികുതി അടക്കാതിരിക്കുകയോ ചെയ്യുന്നവർക്കെതിരെ സെക്രട്ടറി ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്.

2)സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നമ്പർ | സ്ഥാപനം | അർദ്ധ വർഷ ഡിമാന്റ് | അർദ്ധ വർഷങ്ങൾ |
|---|---|---|---|
| 5/535 | സലിം അസോസിയേറ്റ്സ് & ഫുഡ് ഇൻഡസ്ട്രീസ് | 1250/- | I & II |
| 15/377 | പൂന്താനം | 1250/- | I & II |
| 15/- | ഗോവിന്ദ് ഇൻ | 1250/- | I & II |
| 16/1 | ബാബുരാജ് ടിമ്പർ ടിപ്പോ | 1250/- | I & II |
| 16/120 | കോപ്പറേറ്റീവ് മെഡിക്കൽ സ്റ്റോർ | 1250/- | I & II |
| 17/85 | സംഗമം ടൂറിസ്റ്റ് ഹോം | 1250/- | I & II |
| 18/396 | ശ്രീവൈകുണ്ഠം ടൂറിസ്റ്റ് ഹോം | 1250/- | I & II |
| 18/712 | ദേവസ്വം എംപ്ലോയീസ് സൊസൈറ്റി | 1250/- | I & II |
| 18/743 | സരോവരം ടെക്സ്റ്റയിൽസ് | 1250/- | I & II |
| 18/767 | ആർ.വി.കെ.ടൂറിസ്റ്റ് ഹോം | 1250/- | I & II |
| 28/339,340,341 | ത്രിവേണി ഹോട്ടൽ &ബേക്കറി | 1250/- | I & II |
| 18/183(1) | അറക്കൽ സൂപ്പർ സ്റ്റോർ | 1250/- | I & II |
| 18/1121 | ധനലക്ഷ്മി ബാങ്ക് | 1250/- | I & II |
| 18/991,990(2) | ദ്വാരക കാറ്ററിംഗ് | 1250/- | I & II |
| 19/116 | ബ്ലൂ ബേണ്സ് | 1250/- | I & II |
| 23/14 | കെ.എസ്.ഇ.ബി | 1250/- | I & II |
| 26/386,388 | രാജധാനി ടൂറിസ്റ്റ് ഹോം | 1250/- | I & II |
| 27/427 | ശ്രീജ ഇൻ | 1250/- | I & II |
| 27/- | അഹല്യ മണി എക്സ്ചേഞ്ച് | 1250/- | I & II |
| 27/366 | മുത്തൂറ്റ് ഫിൻകോർപ്പ് | 1250/- | I & II |

2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി(ട്രെഡേഴ്സ്)മുൻവർഷ കുടിശ്ശിക 21830രൂപയും തൻവർഷ കുടിശ്ശിക 277270 രൂപയും ആണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി-അപാകതകൾ

1)തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ഗുരുവായൂർ നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനു വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

* നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ടി 1994ലെ കേരള മുൻസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 249, 250 , 2005ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5,6 എന്നിവ പ്രകാരം ശമ്പളത്തേയോ, വരുമാനത്തേയോ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം ജോലി ചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ് (III -ാം നമ്പർ ഫാറത്തിലുള്ള നോട്ടീസിൽ പറഞ്ഞിട്ടുള്ള കാലാവധിക്കുള്ളിൽ) സമർപ്പിക്കാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

*തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം 2 പ്രകാരം തൊഴിലുടമയോടൊ ഓഫീസ് മേധാവിയോടൊ തങ്ങളുടെ സ്ഥാപനത്തിൽ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ സമർപ്പിക്കാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

*2ാം ഉപചട്ടപ്രകാരം ഒരു വ്യക്തി,കമ്പനി അഥവാ സ്ഥാപനം റിട്ടേൺ സമർപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ സമർപ്പിച്ച റിട്ടേണിലെ വിവരങ്ങൾ ശരിയല്ലെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുകയോ ചെയ്യുന്ന പക്ഷം സാമാന്യ പരിഗണനകളെ അടിസ്ഥാനപ്പെടുത്തി ഉചിതമായ വിഭാഗത്തിൽപ്പെടുത്തി തൊഴിൽ നികുതി നിർണ്ണയിക്കേണ്ടതും ബിൽ നൽകേണ്ടതുമാണ്. (ഉപചട്ടം 3)

2)ഗുരുവായൂർ ദേവസ്വം സ്ഥാപനങ്ങളായ ലോഡ്ജ് , റസ്റ്റോറന്റ്, ഓഡിറ്റോറിയം, ബുക്ക് സ്റ്റാളുകൾ എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

3)പൊതു അപാകതകൾ

* തൊഴിൽ നികുതി റിട്ടേണുകൾ രജിസ്റ്ററിലെ ക്രമ നമ്പർ പ്രകാരം നമ്പർ ഇട്ട് സൂക്ഷിക്കുന്നില്ല. ആയതിനാൽ റിട്ടേണുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

* കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.അതിനാൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 2-7 മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് പുതുക്കി നൽകി

ഗുരുവായൂർ നഗരസഭയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെ ഡി & ഒ ലൈസൻസ് പുതുക്കി നൽകിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | സ്ഥാപനം | ഈടാക്കിയ തുക | റിമാർക്സ് (ലൈസൻസ് പുതുക്കാനുള്ള കാരണം) |
|---|---|---|---|
| 18/1233 | പ്രബിത ലോഡ്ജ് | 500/ 21.6.15 | 3മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ |
| 18/1053,54,55 | നവനീതം ടൂറിസ്റ്റ് ഹോം | 500/ 15.5.15 | 3മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ |
| 18/1155 | രാധിക ടൂറിസ്റ്റ് ഹോം | 250/ 27.2.15 | 6മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | ഹാജരാക്കാം എന്ന അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ |
| 18/1244 | ശ്രീ വെങ്കിടേശ്വര ടൂറിസ്റ്റ് ഹോം | 500/ 10.2.15 | 8.4.13 ലെ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന 25.2.14 ലെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കത്തിന്റെ അടിസ്ഥാനത്തിൽ |
| 18/1291 | തുളസീദളം ടൂറിസ്റ്റ് ഹോം | 500/ 25.3.15 | സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |

## 2-8 ഡി & ഒ ലൈസൻസ് - അപാകതകൾ

ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ടായിട്ടും പല അപാകതകളും പരിഹരിച്ചിട്ടില്ല.

1)ലൈസൻസ് പുതുക്കാനുള്ള ഭൂരിഭാഗം അപേക്ഷകളിലും ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടോ, ഹെൽത്ത് സൂപ്പർ വൈസർ, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല. ലൈസൻസ് പുതുക്കുന്നതിന് ലഭിക്കുന്ന എല്ലാ അപേക്ഷകളും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനക്ക് നൽകേണ്ടതാണെന്ന 66562/ആർ സി 3/12/ത.സ്വ.ഭ.വ തി.10.01.13 സർക്കുലറിലെ വ്യവസ്ഥ പാലിക്കുന്നതായി കാണുന്നില്ല.

2)ലൈസൻസ് ഫീയുമായി ബന്ധപ്പെട്ട് ബൈലോ രൂപീകരിച്ചിട്ടുണ്ടെങ്കിലും പരിഷ്കരിക്കാത്തതിനാൽ തുച്ഛമായ തുകയാണ് ഈടാക്കിയിരിക്കുന്നത്. ബൈലോ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3) ഡി സി ബി സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

4)നഗരസഭയിലെ പല സ്ഥാപനങ്ങളും 2015-16 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചിട്ടുണ്ട്.ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് എതിരെ നടപടികൾ എന്തെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ യഥാസമയം ലൈസൻസ് പുതുക്കാത്തതിനാൽ നഗരസഭയുടെ വരുമാനത്തിൽ കുറവ് സംഭവിക്കുന്നു.

5)ഗുരുവായൂർ ദേവസ്വം സ്ഥാപനങ്ങളായ ലോഡ്ജ് , റസ്റ്റോറന്റ്, ഓഡിറ്റോറിയം, ബുക്ക് സ്റ്റാളുകൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല.

6)ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾക്കൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ്, സ്ഥലനാമം-പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, വാടക കരാർ, മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തുടങ്ങി ഓരോ സ്ഥാപനത്തിനും ആവശ്യമായ അനുബന്ധരേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് പുതുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത്ഫണ്ടിൽനിന്നും പ്രൊജക്ട് വെക്കാതെ മരാമത്ത് പ്രവൃത്തികൾ നടത്തി

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ, സബ്സിഡി മാർഗ്ഗ രേഖയായ സ. ഉ (എം.എസ്) 362/2013/തസ്വഭവ തീയതി 16-11-13 ലെ ഖണ്ഡിക 7 (iii) അനുസരിച്ച് തനത് ഫണ്ട് വിഭവ സ്രോതസ്സായി വകയിരുത്തണം. ഖണ്ഡിക 4(3) പ്രകാരം ഒരു തദ്ദേശ ഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് എന്തു തന്നെയായാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി

പ്രോജക്ടിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽ നിന്നും ധാരാളം പ്രവൃത്തികൾ നിർവ്വഹിച്ച് വരുന്നതായി കാണുന്നു. 2015-16 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും പ്രോജക്ട് വെക്കാതെ നടത്തിയ മരാമത്ത് പ്രവൃത്തികളുടെ വിവരം അനുബന്ധം 2ആയി കൊടുത്തിട്ടുണ്ട്. പ്രോജക്ട് വെക്കാതെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നഗരസഭ തനത് ഫണ്ടിൽ നിന്നും പ്രവൃത്തികൾ നിർവ്വഹിച്ചതിനു തൻവർഷം ചെലവായ 59,08,950/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 നഗരസഭാ ഓഫീസിൽ സോളാർ പാനൽ ഘടിപ്പിക്കൽ-അപാകതകൾ

പ്രോജക്ട് നം. SO254/15, SO26/16.

ഫയൽ നമ്പർ - ഇ4-3925/15

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ.

അടങ്കൽ - 28,83,410/-

ചെലവ് : 7,92,590/- ബിൽ നമ്പർ 42 തീയതി 11-3-2016

20,83,410/- ബിൽ നമ്പർ 122 തീയതി 31-3-2016.

നഗരസഭാ ഓഫീസിൽ സോളാർ പാനൽ ഘടിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനായി കെൽട്രോണുമായി കരാറിലേർപ്പെടുകയും, കെൽട്രോൺ നൽകിയ എസ്റ്റിമേറ്റ് പ്രോജക്ട് കോസ്റ്റ് തുകയായ 19,37,237/- രൂപക്ക് പ്രോജക്ട് അംഗീകരിക്കുകയുമുണ്ടായി. തുടർന്ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. പദ്ധതി പൂർത്തീകരിച്ചതിനെ തുടർന്ന് മേൽ പറഞ്ഞ ബില്ലുകൾ പ്രകാരമുള്ള തുക 2015-16 സാമ്പത്തിക വർഷം നഗരസഭക്ക് ചെലവായിട്ടുണ്ട്. ടി പദ്ധതിക്കായി ഇൻസ്റ്റലേഷൻ ചാർജ്ജ്, വാറ്റ്, സർവ്വീസ് ചാർജ്ജ് ഇവയെല്ലാം ഉൾപ്പെടെ മൊത്തം ചെലവായ 28,76,000/- രൂപയിൽ സോളാർ പാനൽ ഘടിപ്പിക്കുന്നതിനോടനുബന്ധിച്ച് കെ.എസ്.ഇ.ബി യിൽ അടവാക്കിയ 9,844/- രൂപയും ഉൾപ്പെടുന്നു. കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രോജക്ട് കോസ്റ്റിനേക്കാൾ കൂടുതൽ തുക ഈ പ്രോജക്ടിന് ചെലവ് വന്നിട്ടുള്ളതായി കാണുന്നു. പ്രവൃത്തി പൂർത്തീയാക്കിയ ശേഷം കെൽട്രോൺ ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് റിപ്പോർട്ട് നഗരസഭ തയ്യാറാക്കിക്കാണുന്നില്ല. സോളാർ പാനൽ സ്ഥാപിക്കുന്നതിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും, ഏതൊക്കെ രീതിയിൽ അതിന്റെ പ്രയോജനം ലഭ്യമാകുന്നുവെന്നും, വൈദ്യുതി ഉപയോഗം എപ്രകാരം നിയന്ത്രിക്കാമെന്നും പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതായിരുന്നു.

സോളാർ പാനൽ സ്ഥാപിക്കുന്നതിനു മുമ്പും അതിനു ശേഷവുമുള്ള വൈദ്യുതി ചാർജ്ജിന്റെ വ്യത്യാസം ഉറപ്പുവരുത്തുന്നതിനായി കെ.എസ്.ഇ.ബി യിൽ നിന്ന് ഓരോ മാസവും പവർ സേവിംഗ്സ് ആന്റ് കൺസംഷൻ (Power savings and consumption) ബിൽ ലഭ്യമാക്കി വൈദ്യുതി ഉപഭോഗം കുറഞ്ഞിട്ടുണ്ടോ എന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 അധിക നിരക്കിൽ കൺസൾട്ടൻസി ചാർജ്ജ് നൽകി

പ്രവൃത്തിയുടെ പേര് - ഗാന്ധിസ്മൃതിമണ്ഡപം നിർമ്മാണം.

ഫയൽ നമ്പർ - ഇ1-8872/14

നിർവ്വഹണ ഏജൻസി - നിർമ്മിതി കേന്ദ്രം, തൃശ്ശൂർ

അടങ്കൽ - 10,50,000/-

വൗച്ചർ നമ്പർ - 97-5/15-16 തീയതി 10-06-2015.

തുക – 2,71,648/- ചെക്ക് നമ്പർ 214655.

നിർമ്മിതി കേന്ദ്രം, തൃശ്ശൂർ നിർവ്വഹണം നടത്തുന്ന ഗാന്ധി സ്മൃതി മണ്ഡപം എന്ന പ്രവൃത്തിയിൽ നഗരസഭ നിർമ്മിതി കേന്ദ്രവുമായി ഏർപ്പെട്ട കരാറിൽ (1/14-15/4-7-15) 8% കൺസൾട്ടൻസി ചാർജ്ജ് വകയിരുത്തുകയും, ഫൈനൽ ബില്ലിൽ സർവ്വീസ് ടാക്സ് ഉൾപ്പെടെ 8.99% കൺസൾട്ടൻസി ചാർജ്ജ് നൽകുകയും ചെയ്തിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുമ്പോൾ സ. ഉ (എം.എസ്) 133/07/തസ്വഭവ തീയതി 18-5-2007പ്രകാരമുള്ള കൺസൾട്ടൻസി ചാർജ്ജ് മാത്രം നൽകേണ്ടതാണ്. ഇക്കാര്യം മുൻവർഷത്തെ (2014-15) ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. 2015-16 ൽ ഫൈനൽ ബിൽ പേയ്മെന്റ് നടന്നിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ , അധികം നൽകിയ കൺസൾട്ടൻസി ചാർജ്ജ് ക്രമീകരിക്കുകയോ, തുക തിരികെ ഈടാക്കുകയോ

ചെയ്തിട്ടില്ല.

അധികം നൽകിയ കൺസൾട്ടൻസി ചാർജ്ജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി മൂല്യം | കൺസൾട്ടൻസിചാർജ്ജ് നൽകിയത് (Consultancy charge with service taxes 8.99%) | കൺസൾട്ടൻസി ചാർജ്ജ് നൽകേണ്ടത് (Consultancy charge with service taxes 2.81%) | അധികം നൽകിയത് (6.18%) |
|---|---|---|---|
| 9,96,728/-രൂപ | 89,607/- രൂപ | 28,008/- രൂപ | 61,599/- രൂപ |

മേൽ പ്രകാരം അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിക്കുകയുണ്ടായില്ല. കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ അധികം നൽകിയ 61,599/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-4 ഇ-ടെണ്ടർ വഴി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ തുക മുനിസിപ്പൽ ഫണ്ടിൽ വരവ് വെച്ചിട്ടില്ല

015-16 സാമ്പത്തിക വർഷം ഗുരുവായൂർ നഗരസഭ ഇ ടെണ്ടർ ആയി 59പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കായി മൊത്തം 92,740/- രൂപ വിവിധ കരാറുകാരിൽ നിന്നായി ഈടാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 12 തീയതി 26-12-2016). പ്രസ്തുത തുക മുനിസിപ്പൽ എഞ്ചിനീയറുടെ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. തുക വകമാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ടെണ്ടർ ഫോം വില്പന രജിസ്റ്റർ-ഓഡിറ്റ് വർഷത്തെ മുഴുവൻ തുകയും രേഖപ്പെടുത്തിയിട്ടില്ല

2015-16 സാമ്പത്തിക വർഷം ടെണ്ടർ ഫോം വിൽപനയിൽ ആകെ ലഭിച്ച മുഴുവൻ തുകയും ടെണ്ടർ ഫോം വില്പന രജിസ്റ്ററിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. 3-10-2015 മുതൽ ഈ ഇനത്തിൽ ലഭ്യമായ തുകയുടെ വിവരങ്ങൾ മാത്രമേ ടെണ്ടർ ഫോം വിൽപന രജിസ്റ്ററിൽ കാണിച്ചിട്ടുള്ളൂ. ആയതിനാൽ ഓഡിറ്റ് കാലയളവിൽ ടെണ്ടർ ഫോം വിൽപനയിൽ ആകെ ലഭിച്ച തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. സാമ്പത്തിക വർഷം ലഭ്യമായ മുഴുവൻ തുകയും രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതും ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 3-6 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം-ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

പ്രോജക്റ്റ് - ചാവക്കാട് സ്കൂൾ ഗ്രൗണ്ട് ലെവലിംഗ് (242/15)

അടങ്കൽ - 4,00,000/- രൂപ.

ചെലവ് - 3,87,787/- രൂപ.

ബിൽ നമ്പർ - 41/15-16, തീയതി 11-3-16.

കരാറുകാരൻ - വി. നാരായണൻ

കരാർ നമ്പർ, തീയതി - 102/14-15, 20-3-2015.

കരാർ തുക - 3,99,158/- രൂപ.

പൂർത്തീകരിക്കേണ്ട തീയതി - 30-3-2015

പ്രവൃത്തി അരംഭിച്ച തീയതി - 19-11-2015

പൂർത്തീകരിച്ച തീയതി - 6-2-2016.

2015-16 വർഷം മൂല്യനിർണ്ണയം നടത്തി പണം നൽകിയ മേൽ പ്രവൃത്തി പൂർത്തിയാക്കാൻ കാലാവധി കഴിഞ്ഞിട്ടും ബാധകമായ പിഴ ഈടാക്കാതിരുന്നതിനാൽസമയബന്ധിതമായിപ്രവൃത്തികൊണ്ടുണ്ടാകേണ്ടിയിരുന്ന പ്രയോജനം വൈകുകയും, നഗരസഭക്ക് നഷ്ടമുണ്ടാവുകയും ചെയ്തതായി കാണുന്നു.

2012 ലെ പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം (G.O.(P)No. 13/2012/PWD, dtd 2012) ടെണ്ടർ പ്രവൃത്തികളിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ പി.എ.സി യുടെ നിശ്ചിത ശതമാനം ഫൈൻ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പി.ഡബ്ല്യൂ.ഡി മാന്വലിലും, നഗരസഭ കരാറുകാരനുമായി ഒപ്പുവെച്ച കരാർ ഉടമ്പടിയിലും (ക്രമ നമ്പർ 7) വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കരാറുകാരന് കരാർ കാലാവധി നീട്ടി നൽകുകയോ, ടിയാനുള്ള ബില്ലിൽ നിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്ന് സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെയുള്ള സമയം കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തിക്കൊണ്ടു മാത്രമെ കാലാവധി നീട്ടിനൽകാൻ പാടുള്ളൂ. പിഴ ഈടാക്കാതെ പ്രവൃത്തിയുടെ കാലാവധി നീട്ടിക്കൊടുത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/16 തീയതി 29-12-16) നൽകിയ മറുപടിയിൽ യഥാസമയം പ്രവൃത്തി തുടങ്ങാത്തതിനാൽ കരാറുകാരന് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും, ആയതിന് കരാറുകാരൻ സമർപ്പിച്ച മറുപടിയിൽ, മഴക്കാലമായതിനാലും, റെഡ് എർത്ത് ലഭിക്കാത്തതിനാലും 45 ദിവസം കൂടി അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എങ്കിലും കാലാവധി നീട്ടി അനുവദിച്ചുകൊടുത്തിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണെന്നും മുനിസിപ്പൽ എഞ്ചിനീയർ വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ മേൽപറഞ്ഞ നിയമവ്യവസ്ഥകൾ അനുസരിച്ചുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം വെൽഫയർ ഫണ്ട് ബോർഡിൽ അടവാക്കൽ

കേരള ബിൽഡിംഗ് ആന്റ് അദർ കണസ്ട്രക്ഷൻസ് വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് , 1996 ലെ സെക്ഷൻ 8(2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ നിന്നും 2% ൽ കവിയാത്ത തുക സെസ്സ് ഇനത്തിൽ ബന്ധപ്പെട്ട വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കി വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. കേരള സർക്കാർ ഇത് 1%ആയി നിജപ്പെടുത്തിയിട്ടുണ്ട്.

ഗുരുവായൂർ നഗരസഭ 2015-16 സാമ്പത്തിക വർഷം ഏറ്റെടുത്തു നടപ്പാക്കിയ (സ്പിൽ ഓവർ ഉൾപ്പെടെ) മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5,04,191/- രൂപ ക്ഷേമനിധി ബോർഡിലേക്ക് നൽകിയിട്ടുണ്ട്. മേൽപറഞ്ഞ ആക്ടിന്റെ സെക്ഷൻ 3(3) ൽ വസൂലാക്കുന്ന സെസ്സിന്റെ 1% തുക ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അർഹതപ്പെട്ടതാണ്. ആയതിനാൽ പ്രവൃത്തി ബില്ലുകളിൽ നിന്നും ഈടാക്കിയ മൊത്തം തുകയുടെ 1% (5,04,191/-രൂപയുടെ 1%) 5042/- രൂപ ക്ഷമനിധി ബോർഡിൽ നിന്നും ഈടാക്കി മുൻസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്.

## 3-8 ഗുരുവായൂർ നഗരസഭ ലൈബ്രറി ഡിജിറ്റലൈസേഷൻ–ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമല്ല

പ്രോജക്റ്റ് നം. 253/15, 25/16

ഫയൽ നമ്പർ - ഇ4-3922/15

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

അടങ്കൽ - 1,00,000/-

ബിൽ നമ്പർ -15 തീയതി 30-9-2015

ചെലവ് – 1,00,000/- രൂപ.

ഗുരുവായൂർ നഗരസഭ ലൈബ്രറി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ടച്ച് സ്ക്രീൻ, മോണിറ്റർ, സി.പി.യു, യു.പി.എസ് എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി ഒരു ലക്ഷം രൂപ പ്രോജക്ടിൽ വകയിരുത്തുകയും, ടച്ച് സ്ക്രീൻ കമ്പ്യൂട്ടറിനുവേണ്ടി മാത്രം SIDCO SALES CENTRE എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ച 17-7-2015 ലെ പ്രൊഫോർമ ഇൻവോയ്സ് പരിഗണിക്കുകയും, പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ടച്ച് സ്ക്രീൻ വാങ്ങി ലൈബ്രറിയിൽ സ്ഥാപിക്കാൻ നഗരസഭ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 24-7-2015 ന് SIDCO ക്ക് സപ്ളൈ ഓർഡർ അയച്ചു. ടച്ച് സ്ക്രീൻ സപ്ളൈ നടത്തിയത് സംബന്ധിച്ചും, ഉപകരണത്തിന്റെ പ്രവർത്തനക്ഷമതയെക്കുറിച്ചും നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 08 തീയതി 24-12-2016) ലഭിച്ച മറുപടിയിൽ 05-08-2015 ന് സപ്ളൈ നടന്നിട്ടുള്ളതായും, ടച്ച് സ്ക്രീൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും മറുപടി ലഭിക്കുകയുണ്ടായി.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ (നഗരസഭ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ) ടച്ച് സ്ക്രീൻ പ്രവർത്തിക്കാത്തതായിട്ടാണ് കണ്ടത്. മാത്രമല്ല ലൈബ്രറിയിൽ സ്ഥാപിച്ചിരിക്കുന്നത് SIDCO യുടെ ടച്ച് സ്ക്രീൻ അല്ല. Adot Agencies, Trissur എന്ന സ്ഥാപനത്തിന്റെ സ്റ്റിക്കർ ആണ് ടച്ച് സ്ക്രീനിൽ പതിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ ഇനത്തിൽ നഗരസഭക്കുണ്ടായ1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പടിഞ്ഞാറ് ഭാഗം ടൈൽ വിരിക്കുന്ന പ്രവൃത്തി-പ്രാരംഭ പ്രവൃത്തികൾ പോലും തുടങ്ങിയിട്ടില്ല

പ്രോജക്ട് നം. 28/16

ഫയൽ നമ്പർ - ഇ1-9393/15

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

നിർവ്വഹണ ഏജൻസി - നിർമ്മിതി കേന്ദ്ര.

അടങ്കൽ - 20,00,000/-

ബിൽ നമ്പർ -18 തീയതി 28-1-2016

തുക – 4,00,000/-

